KERALA SCHOOL KALOLSAVAM 2017
PROGRAMME COMMITTEE

# കേൾക്കാതെ പോയത്

.താഴ്‌വാരങ്ങളെ തട്ടിത്തെറിച്ചുകൊണ്ടായ്,
തീരത്തിലോളത്തിൻ താളത്തിലായ്,
വന്നലയടിക്കുന്നു സ്വരം; ഭൂമിയുടെ
വിളികൾക്കിന്നാർ കാതോർത്തിടുന്നു?

ജീവിതത്തിൻ വേഗത്തിൽ പാഞ്ഞിടുന്നോർ,
ജീവന്റെ മുത്തിനെ തൻ ചിപ്പിയിൽ –
നിന്നങ്ങനെ മറിച്ചുകളഞ്ഞുകൊണ്ടേയിതാ,
നീങ്ങിടുന്നു വഴിത്താരയിലേക്കായിതാ!

ഒരുനാളൊരു റാണിതൻ പ്രൗഢിയിൽ,
ഓസ്സോൺ പട്ടുപുതച്ചുകൊണ്ടങ്ങനെ,
തൻമക്കളേയും ശരീരത്തെയുമൊന്നായ്,
താലോലിച്ചുകൊണ്ടെങ്ങും ഏകി വാണവൾ ഭൂമി!

അവളുടെ പച്ചക്കോടിയിതാ മുഷിഞ്ഞിടുന്നു,
ആ പട്ടുപുതപ്പിതാ കീറിപ്പറിഞ്ഞിടുന്നു,
മക്കളേകിന്നവൾക്ക് താങ്ങാനോ ശക്തിയില്ല,
മനസിൽ തേങ്ങലായ് നിൽപ്പൂ ഭൂമിയങ്ങനെ!

നരനുവേണ്ടി സ്വയം കത്തിതീർന്നിട്ടിതാ,
നരനാൽ സ്വയം നശിപ്പിക്കപ്പെട്ടിടുന്നു,
സർവ്വതും സർവ്വർക്കും വീതിച്ചുകൊടുത്തിട്ടു,
സ്വശരീരത്തിൽ മുറിവാൽ നീറിടുന്നു സ്വയം.

നിസ്സഹായതയീയമ്മയെ കാൺവതിന്നിന്നു കൺകളില്ല,
നിസ്സാരമീ വിളികളെ കേൾപ്പതിന്നും ആരുമില്ല,
വരുംനാളിലീയമ്മയെ കാണുവാൻ കഴിവതില്ല,
വിഡ്ഢികൾ മക്കൾക്കമ്മയില്ലാ ജനനം സാധ്യമോ?

മനുജാ നിൻ ഓട്ടം നിറുത്തിനീ കാണുക,
മണ്ണിൻ കരച്ചിൽ ഒന്നു നീ കേൾക്കുക,
നിനക്കു തണൽനൽകി, ജീവവായുവും ഏകി,
നിന്നാൽ കൊല്ലപ്പെട്ടയോരോ വൃക്ഷവും കാണുക!



Scanned by CamScanner

വരുംനാൾകളോറും അർത്ഥശൂന്യമായി,
വരുംനൊരീ വനവും, മലയും, പുഴയും കാൺകനീ
നിന്നമ്മയിതാ അവശയായി കിടപ്പൂ,
നിന്നെ വളർത്തി തളർന്നിതാ നിൽപ്പൂ.

നീ നിൻ കൊടിയെ നാട്ടുംവരയ്ക്കും,
നിറമാർന്നു നിന്ന നിൻ അമ്മയെ ഓർക്കനീ,
നിൻ കൈകളിലൊന്നേകിയിന്നു നീ വീണ്ടെടുക്കൂ,
നിൻ അമ്മയെ പൂർണ്ണയായ് പരിശുദ്ധയായ്!

വിളിക്കുന്നു നിന്നമ്മ നിന്നെയിന്നും,
വിളിക്കുന്നു നൂറുപുതുജീവനായ്,
സ്വാർത്ഥരായ് മാറല്ലേ നിങ്ങളിന്നമ്മയെ,
സ്വാർത്ഥരായ് കുത്തിനോവിച്ചിടല്ലേ.

നിറുത്തുക ജെസിബി തൻഭ്രാന്തിനെ!
നിറുത്തുക കഴുത്തിലെ കത്തിവെയ്പ്പ്!
ഒന്നിച്ചുനേടിടാം വീണ്ടുമാ അമ്മയെ,
ഒരു റാണിയായ് വാഴിച്ചിടാം പട്ടുമായി.

തീറുമാറാല പുതപ്പു പുതച്ചിന്നിതാ ഭൂമി,
കാറിച്ചുമച്ചുകൊണ്ടൊന്നുകൂടെ നമ്മെ,
വിളിച്ചിടുന്നു ഒരു കൈത്താങ്ങേകുകിന്ന്,
അമ്മയില്ലാതെ വാസമസാധ്യമാണേ!

കേൾക്കാതെ പോയത് കേട്ടിടാനായ്,
കാണാതെ പോയത് കണ്ടിടാനായ്,
ഭൂമിയേകുന്നിതാ ഇന്നൊരവസരമായ്,
ഭൂമിയെ കൈമാറ്റം ചെയ്തിടേണം,
മുത്തിയായ് വരും തലമുറയ്ക്ക്!!!!

KERALA SCHOOL KALOLSAVAM-2017
PROGRAMME COMMITTEE



Scanned by CamScanner